ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ
സംസ്ഥാന കമ്മറ്റി, തിരുവനന്തപുരം – 01
അഫിലിയേറ്റഡ് - ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ
ഇ.ജെ.ഫ്രാൻസിസ് സ്മാരകം, പ്രസ്സ് ക്ലബ്ബിന് സമീപം, തിരുവനന്തപുരം-1
ഇ-മെയിൽ: itdiokerala@gmail.com

ജയൻ പി.ആർ
പ്രസിഡണ്ട്
മൊബൈൽ: +91 62827 21293

ആന്റണി ജോസഫ്
ജനറൽ സെക്രട്ടറി
മൊബൈൽ: +91 9744 996 141

നമ്പർ: ITDIO/42/24 തീയതി: 25-09-2024

**ബഹു. വ്യാവസായിക പരിശീലന വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി അവർകൾ മുമ്പാകെ, ഐ.ടി.ഐ അധ്യാപക സംഘടനയായ 'ഐ.റ്റി.ഡി.ഐ.ഒ' സമർപ്പിക്കുന്ന നിവേദനം.**

**വിഷയം :**

സംസ്ഥാനത്ത് വ്യാവസായിക പരിശീലന നയം നടപ്പിലാക്കുന്നത് സംബന്ധിച്ച്.

**സൂചന 1 :** ഐ.ടി.ഐകൾക്ക് ശനിയാഴ്ച അവധി നൽകുന്നതുമായി ബന്ധപ്പെട്ട വിശദമായ പ്രൊപ്പോസൽ തയാറാക്കുന്നതിന് കമ്മറ്റിയെ നിയോഗിച്ചുകൊണ്ടുള്ള ട്രെയിനിംഗ് ഡയറക്ടറുടെ DT/2375/2022-F3 നമ്പറായ 29-08-2024 തീയതിയിലെ ഉത്തരവ്.

സർ,

വിദ്യാഭ്യാസ മേഖലയിലും വ്യാവസായിക പരിശീലന മേഖലയിലും രാജ്യത്തിന് തന്നെ മാതൃകയായിട്ടുള്ള നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനം, സാങ്കേതിക പരിശീലന മേഖലയിൽ ലോകമെമ്പാടും നൂതന മാറ്റങ്ങൾക്ക് വിധേയമാകുന്ന സാഹചര്യത്തിൽ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിവരുന്ന പരിഷ്കരണ നടപടികളോട് വിമുഖത പുലർത്തുന്നത് അനഭിലഷണീയമാണ്. സാമൂഹിക ശാസ്ത്രജ്ഞന്മാരും, വിദ്യാഭ്യാസ വിചക്ഷണന്മാരും ഉൾപ്പെടെയുള്ള വിദഗ്ധരും ചൂണ്ടിക്കാട്ടുന്ന ഒരു പ്രധാന പ്രശ്നം എന്നത് യുവാക്കളുടെയും വിദ്യാർത്ഥികളുടെയും നമ്മുടെ സംസ്ഥാത്തുനിന്ന് വിദേശ രാജ്യങ്ങളിലേക്കുള്ള പാലായനമാണ്. സംസ്ഥാനം അതിവിദൂര ഭാവിയിൽ വൃദ്ധൻമാരുടെ നാടായി മാറുമെന്ന ആശങ്ക പൊതുസമൂഹത്തിൽ ഒന്നാകെയുണ്ട്.

നമ്മുടെ സംസ്ഥാനം നേരിടുന്ന അതിഗുരുതരമായ ഈ പ്രതിസന്ധിയിൽ നിർണ്ണായകമായ ഇടപെടൽ നടത്തുവാൻ കഴിയുന്ന വ്യാവസായിക പരിശീലന വകുപ്പ്, ആ പരമപ്രധാനമായ ദൗത്യം നിർവഹിക്കുവാൻ തയ്യാറാകണമെന്നുള്ളതാണ് ഐ.ടി.ഐ. അധ്യാപക സംഘടനയായ ITDIO യുടെ അഭ്യർത്ഥന. DGT നടത്തിയിട്ടുള്ള സിലബസ് പരിഷ്കരണത്തിൽ ചില അപാകതകൾ നിലനിൽക്കുന്നുണ്ടെങ്കിലും സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി 1600ൽ നിന്നും 1200 മണിക്കൂറായി പഠനസമയം കുറച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ മേൽ പ്രസ്താവിച്ചിട്ടുള്ള ഗുരുതര പ്രതിസന്ധികളെ മറികടക്കുവാൻ സഹായകരമാകും എന്നുള്ളത് വളരെ വിനയപൂർവ്വം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അഞ്ചുദിന പ്രവൃത്തിദിവസങ്ങളായി പരിശീലന സമയം ക്രമീകരിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക വഴി വ്യാവസായിക പരിശീലന മേഖലയിലേക്ക് കൂടുതൽ യുവജനങ്ങളെ ആകർഷിക്കുവാൻ സാധിക്കും.

DGT യുടെ 2022 ജൂലൈ റിവൈസ്ഡ് സിലബസ്സ് പ്രകാരം 1600 മണിക്കൂർ ആയിരുന്ന ട്രെയിനിംഗ് സമയത്തിൽ കുറവ് വന്നതിനാൽ രണ്ടു വർഷ , ഒരു വർഷ കോഴ്സുക്കളിൽ പഠന സമയം ക്രമീകരിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്. പുതിയ സിലബസ് പ്രകാരം രണ്ടു വർഷ കോഴ്സുകൾക്ക് ഒന്നാം വർഷം 1200 മണിക്കൂറും, രണ്ടാം വർഷം 1200 മണിക്കൂറും, ഒരു വർഷ കോഴ്സുകൾക്ക് 1200 മണിക്കൂറും ആണ് ട്രെയിനിംഗ് സമയം ക്രമീകരിക്കേണ്ടത്. തിയറിയും പ്രാക്ടിക്കലും വേർതിരിച്ച്, തിയറി 360 മണിക്കൂർ പ്രാക്ടിക്കൽ 840 മണിക്കൂർ എന്നീ ക്രമത്തിലാണ്.

പുതിയ സിലബസ്സിൽ ഓൺ ജോബ് ട്രെയിനിംഗ് (OJT) 150 മണിക്കൂർ, NIOS ലാംഗ്വേജ് കോഴ്സ്/ add-on കോഴ്സ് 240 മണിക്കൂർ എന്നിവ പൂർത്തീകരിക്കാൻ ഐടിഐ ട്രെയിനികൾക്ക് അവസരം കൊടുക്കണമെന്ന് 2022 ജൂലൈയിൽ വന്ന റിവൈസ്ഡ് സിലബസ്സിൽ പറയുന്നുണ്ട്. എന്നാൽ നിലവിലെ ഐ.ടി.ഐ ടൈംടേബിൾ പ്രകാരം ഇതിനുള്ള സാഹചര്യം ട്രെയിനികൾക്ക് ലഭിക്കാത്ത സ്ഥിതിയിലാണുള്ളത്. ട്രെയിനിങ്ങിനു പുറമെ പൂർത്തീകരിക്കേണ്ട OJT, NIOS/ ലാംഗ്വേജ് കോഴ്സ്, add-on കോഴ്സ് എന്നിവ കൂടി പരിഗണിച്ചുവേണം പുതിയ ട്രെയിനിംഗ് ക്രമീകരണം നടത്തേണ്ടത്. DGT യുടെ 2022 ജൂലൈ റിവൈസ്ഡ് സിലബസ്സ് പ്രകാരം ട്രെയിനിംഗ് സമയം പുനർക്രമീകരിച്ച് 1200 മണിക്കൂറിലേക്ക് ചുരുക്കി ബാക്കി വരുന്ന 150 മണിക്കൂർ നിർബന്ധിത ഓൺ ജോബ് ട്രെയിനിംഗ് (OJT) / ഗ്രൂപ്പ് പ്രോജക്ട് എന്നിവയ്ക്കും 240 മണിക്കൂർ NIOS/ലാംഗ്വേജ് കോഴ്സ്/ add-on കോഴ്സ് എന്നിവയിൽ ഇഷ്ടാനുസരണം ട്രെയിനികൾക്ക് തിരഞ്ഞെടുക്കാവുന്ന ഇതര സർട്ടിഫിക്കറ്റ് കോഴ്സുകൾക്കായി മാറ്റിവയ്ക്കനാണ് നിർദേശിക്കപെട്ടിട്ടുള്ളത്.

*Annexure 1 : DGT Revised syllabus order*

| Training Schedule For 2024-2025/26 Academic Year | | |
|---|---|---|
| 1 | ട്രെയിനിങ്ങിനു വേണ്ട സമയം | 1200 hours |
| 2 | O.J.T/ Group project വേണ്ടി വരുന്ന സമയം | 150 hours |
| 3 | NIOS/ ലാംഗ്വേജ് കോഴ്സ്/add-on കോഴ്സിനു വേണ്ട സമയം | 240 hours |
| | **Total** | **1590 hours** |

*Annexure 2 : CTS- Training Calendar for the session 2024-25*

**National Institute of Open Schooling (NIOS) COURSE**

ഐ.ടി.ഐ പഠനത്തോടൊപ്പം SSLC / Plus Two തുല്യത സർട്ടിഫിക്കറ്റുകൾ നേടുന്നതിനുള്ള അവസരം ട്രെയിനികൾക്ക് നൽകുന്നതിനാണ് എല്ലാ അക്കാദമിക് വർഷങ്ങളിലും 240 മണിക്കൂർ വീതം DGT നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. NIOS പ്രകാരം 5 ക്രെഡിറ്റുകൾ കൊണ്ട് നേടാവുന്ന ഈ തുല്യത സർട്ടിഫിക്കേറ്റ് ഐ.ടി.ഐ ട്രെയിനികൾക്ക് 2 വിഷയങ്ങൾ മാത്രം പഠിച്ചുകൊണ്ട് ഐ.ടി.ഐ സർട്ടിഫിക്കറ്റിനോടൊപ്പം തന്നെ Plus Two തുല്യത നേടാൻ കഴിയും. NIOS മാർഗ നിർദേശങ്ങളിൽ പ്രത്യേകമായി ഐ.ടി.ഐകളെ

പരാമർശിക്കുകയും ഈ വിഷയത്തിൽ ഡിജിടി യുമായി MOU ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി.ഐ ട്രെയിനികളിലെ റെഗുലർ Plus Two പാസ്സാവാത്ത നല്ലൊരു ശതമാനം കുട്ടികൾക്കും SSLC കഴിഞ്ഞു ഐ.ടി.ഐ യിൽ ചേർന്ന കുട്ടികൾക്കും NIOS മുഖേന ശനിയാഴ്ചകളിൽ 2 വിഷയം പഠിച്ചുകൊണ്ട് ITI സർട്ടിഫിക്കറ്റിനൊപ്പം 2 വർഷത്തെ Plus Two സർട്ടിഫിക്കറ്റുകൂടി നേടാൻ കഴിയുന്ന സുവർണാവസരമാണ് ലഭ്യമാവുക.

*Annexure 3: NIOS Prospectus 2023-24 (1.2.2 Schooling of ITI Students)*

## LANGUAGE COURSE

ഇതര ലാംഗ്വേജുകളിൽ പ്രാവീണ്യം നേടുന്നത് സ്വദേശ/വിദേശ രാജ്യങ്ങളിൽ ജോലി ലഭിക്കാനുള്ള മുൻഗണനയ്ക്കും തുടർന്ന് കരിയറിലുള്ള വളർച്ചക്കും വലിയ രീതിയിൽ ഗുണകരമാണ്. DGT നിർദ്ദേശിക്കുന്ന 240 മണിക്കൂർ ലാംഗ്വേജ് കോഴ്സുകൾ നൽകാൻ ട്രെയിനികൾക്ക് അവസരം ഒരുക്കുന്നത് കേരളത്തിന്റെ നൈപുണ്യ വികസനത്തെ രാജ്യാന്തര തലത്തിൽ ത്വരിതപ്പെടുത്തും.

## ADD-ON COURSE

ഐ.ടി.ഐ പഠനത്തോടൊപ്പം അത്യാധുനിക സങ്കേതിക വിദ്യകളിലെ നൈപുണ്യം സ്വായത്തമാക്കുന്നതിന് add-on കോഴ്സുകൾ വഴി ട്രെയിനികളെ പ്രാപ്തമാക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിലെ ലോകോത്തര നിലവാരമുള്ള ഇൻഡസ്ട്രിയുടെ അനിവാര്യതയാണ്. ഇതിലൂടെ മാറുന്ന കാലഘട്ടത്തിനനുസരിച്ചുള്ള ടെക്നോളജിയിലേക്ക് കടന്നുചെല്ലുന്നതിലേക്ക് ട്രെയിനികളെ നമുക്ക് പ്രാപ്തരാക്കുവാൻ സാധിക്കും.

## OJT/ GROUP PROJECT

DGT യുടെ 2022 ജൂലൈ റിവൈസ്ഡ് സിലബസ്സ് പ്രകാരം 150 മണിക്കൂറാണ് ഓൺ ജോബ് ട്രെയിനിങ്ങിനായി നീക്കി വെച്ചിട്ടുള്ളത്. പ്രാദേശികമായി തൊഴിൽശാലകളുടെ ലഭ്യത അനുസരിച്ച് 150 മണിക്കൂർ ഒരുമിച്ചോ ആഴ്ചയിലെ അവധി ദിവസങ്ങളിൽ ഘട്ടം ഘട്ടമായോ പരിശീലനം പൂർത്തിയാക്കാവുന്നതാണ്. ഓൺ ജോബ് ട്രെയിനിങ്ങിന് മതിയായ തൊഴിൽ ശാലകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ട്രേഡുകളുമായി ബന്ധപ്പെട്ട പ്രോജക്ട് വർക്കുകൾ ആണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് പുതിയ സിലബസ്സ് പ്രകാരം ട്രെയിനിംഗ് നടക്കേണ്ടത്. ഐ.ടി.ഐ കളിലെ നിലവിലെ ടൈംടേബിൾ പ്രകാരം ഒരു ദിവസം 4 മണിക്കൂർ 40 മിനിറ്റ് ട്രേഡ് പ്രാക്ടിക്കലിനും 2 മണിക്കൂർ ട്രേഡ് തിയറിക്കും ലഭിക്കുന്നു. അങ്ങനെയെങ്കിൽ 1200 മണിക്കൂർ ട്രെയിനിംഗ് പൂർത്തിയാക്കാൻ 180 ദിവസം മതിയാകും. കൂടാതെ OJT ക്ക് 15 ദിവസവും (വിവിധ കമ്പനികളുടെ സമയ ക്രമീകരണം അനുസരിച്ച് 12 ദിവസം മുതൽ 19 ദിവസം വരെ) ഇതര ആക്ടിവിറ്റികൾക്കുമായി 6 ദിവസവുമാണ് വേണ്ടി വരുന്നത്.

| Sl No | Activities | No. Of Days |
|---|---|---|
| 1 | Training hours | 180 days |
| 2 | O. J. T | 15 days |
| 3 | Trainees council Election | 1 day |
| 4 | Trainees council and Arts Fest inauguration | 1 day |
| 5 | Arts | 2 days |
| 6 | Sports | 2 days |
| | **Total** | **201 days** |

പുതിയ സിലബസ്സ് പ്രകാരം ക്ലാസുകൾ ക്രമീകരിക്കുന്നതിന് നൽകപ്പെട്ട ഏകീകൃത ടൈം ടേബിളിൽ ലാംഗ്വേജ് കോഴ്സുകൾക്കായി നൽകപ്പെട്ട സമയം പ്രവർത്തി ദിവസങ്ങളിലെ വിവിധ പീരിഡുകളിലായിട്ടാണ് നൽകിയിരിക്കുന്നത്. ഈ രീതിയിൽ അനുവദിച്ച സമയം ട്രെയിനികൾക്ക് പ്രസ്തുത കോഴ്സുകൾ പഠിക്കാൻ ഉതകുന്നതായിരുന്നില്ല. കാരണം, NIOS കോഴ്സുകൾ, ലാങ്ഗ്വേജ് കോഴ്സകൾ, add-on കോഴ്സ്കൾ എന്നിവ തിരഞ്ഞെടുക്കുന്നത് ട്രെയിനികളുടെ ചോയ്സിന് അനുസരിച്ച് ആയതിനാൽ അവയ്ക്കുള്ള സാധ്യത ഓരോ ട്രെയിനികൾക്കും വ്യത്യസ്തമായിരിക്കും. ആയതിനാൽ അതിനുവേണ്ടി അനുവദിക്കേണ്ട സമയം മറ്റിതര പാർട്ട് ടൈം സ്ഥാപനങ്ങളുടെ സമയത്തിനനുസരിച്ച് ഏകികൃത സ്വഭാവത്തിൽ ആവേണ്ടതുണ്ട്. മുകളിൽ പരാമർശിച്ചിരിക്കുന്ന കോഴ്സുകളിൽ ഏതെങ്കിലും ഒരെണ്ണം മാത്രമേ ഒരു ട്രെയിനിക്ക് സാങ്കേതികമായി ഓപ്റ്റ്ചെയ്യുവാൻ സാധിക്കൂ. ആയതിനാൽ തന്നെ ഈ മൂന്നു കോഴ്സും ശനിയാഴ്ചകളിലായി ക്രമീകരിക്കാവുന്നതാണ്.

*Annexure 4 : Common time table*

150 മണിക്കൂറുള്ള OJT ക്ക് സമയം ട്രെയിനിങ് കലണ്ടറിൽ നൽകിയപോലെതന്നെ 240 മണിക്കൂറുള്ള ലാംഗ്വേജ് കോഴ്സുകൾക്ക് 35 ദിവസം എങ്കിലും അനുവദിക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ DGT യുടെ പുതിയ സിലബസ്സ് പ്രകാരം ട്രെയിനിംഗ് ഷെഡ്യൂൾ പൂർത്തിയാവുകയുള്ളു. പുതിയ സിലബസ്സ് വന്നതിനുശേഷം നാളിതുവരെ ഇതിനുള്ള സമയം ട്രെയിനിംഗ് കലണ്ടറിൽ നൽകിയിട്ടില്ല. ആയത് കാരണം ട്രെയിനികൾക്ക് അവരുടെ അവസരമാണ് ഇതിനകം നഷ്ടപ്പെട്ടത്. ലാംഗ്വേജ് കോഴ്സുകളുടെ പഠനം ഓരോ ട്രെയിനികൾക്കും അവരവരുടെ തീരുമാന പ്രകാരം തിരഞ്ഞെടുക്കേണ്ടതായതിനാലും പാർട്ട് ടൈം കോഴ്സുകളുടെ സ്വഭാവത്തിലുള്ളതിനാലും എല്ലാ ശനി ആഴ്ചകളിലും അതിനുള്ള സമയം കണ്ടെത്തി ആയത് അതാത് ട്രെയിനികൾക്ക് പ്രയോജനപെടുത്താവുന്ന രീതിയിൽ ക്രമീകരിക്കുന്നതാവും ഉചിതം.

5 പ്രവർത്തി ദിവസങ്ങളിൽ പഠനം ക്രമീകരിക്കാനായാൽ തിങ്കൾ മുതൽ വെള്ളി വരെ ട്രെയിനിംഗ് ആവശ്യത്തിനായും എല്ലാ ശനിയാഴ്ചകളിൽ അവധി നൽകി, Plus Two ഇക്വാലൻസി/ ലാംഗ്വേജ് കോഴ്സ്/ add-on കോഴ്സ്/ ഗ്രൂപ്പ് പ്രോജക്ട് എന്നിവയ്ക്കായി ഉപയോഗിക്കാനും സ്പോർട്സ് ക്യാൻഡിഡേറ്റ് ട്രെയിനികൾക്ക് പ്രാക്ടീസ്, NSS, നൈപുണ്യ കർമ്മസേന മറ്റു ഇതര പ്രവർത്തനങ്ങൾ എന്നിവ ട്രെയിനികളുടെ താൽപര്യാർത്ഥം തിരഞ്ഞെടുക്കാൻ കഴിയുന്നതുമാണ്.

**ഐ.ടി.ഐ കളിൽ 5 പ്രവർത്തി ദിവസങ്ങളായി പഠനസമയം ക്രമീകരിക്കുമ്പോൾ 200 ദിവസങ്ങളോളം ട്രെയിനിങ്ങിനായി ലഭ്യമാവുന്നുണ്ട്.**

2024-2025 വർഷത്തിൽ സീനിയർ ട്രെയിനിനികൾക്ക് ലഭിക്കാവുന്ന പഠന ദിവസങ്ങൾ

| Sl.No | Month | Maximum possible Days (With Saturday ) | Maximum possible Days (Without Saturday ) |
|---|---|---|---|
| 1 | August | 3 | 2 |
| 2 | September | 21 | 19 |
| 3 | October | 24 | 21 |
| 4 | November | 25 | 21 |
| 5 | December | 24 | 21 |
| 6 | January | 25 | 22 |
| 7 | February | 22 | 19 |
| 8 | March | 24 | 20 |
| 9 | April | 21 | 18 |
| 10 | May | 25 | 21 |
| 11 | June | 16 | 15 |
| | **Total** | **230** | **199** |

ജൂൺ 21 വരെ മാത്രമാണ് 2024-2025 വർഷത്തെ ട്രെയിനിംഗ് കലണ്ടറിൽ ക്ലാസുകൾ കണക്കാക്കിയിരിക്കുന്നത്. തുടർന്ന് വരുന്ന AITT പരീക്ഷ (ജൂലൈ/ആഗസ്റ്റ്) കാലയളവിന് ഇടയിലുള്ള ദിവസങ്ങൾ കൂടി എല്ലാ വർഷവും നമുക്ക് ലഭിക്കാറുണ്ട്, അതോടൊപ്പം തന്നെ ട്രെയിനിംഗ് കലണ്ടർ തീയതിക്കു മുൻപേ തന്നെ ക്ലാസുകൾ ആരംഭിക്കാറുമുണ്ട്. ഇവ രണ്ടും കണക്കിലെടുത്താൽ ട്രെയിനിംഗ് സമയം സിലബസ്സിൽ ഉള്ളതിനേക്കാൾ കൂടുതൽ മുൻവർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്.

*Annexure 5 : Training Calendar for the session 2024-2025*

**2022 ജൂലൈയിലെ റിവൈസ്ഡ് സിലബസ്സ് വന്നതിന് ശേഷമുള്ള 3 വർഷത്തിൽ ലഭിക്കുന്ന ക്ലാസുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.**

| Academic year | Batch | Total Working Days | Reference |
|---|---|---|---|
| **2022-2023 *** | Junior | 226 | *Annexure 9* |
| | Senior | 249 | *Annexure 10* |
| **2023-2024 **** | Junior | 237 | *Annexure 11* |
| | Senior | 286 | *Annexure 12* |
| **2024-2025 ***** | Junior | 227 | *Annexure 13* |
| | Senior | 230 | *Annexure 14* |
| ***Referance data attached as Annexure 9 to 14** | | | |

** Annexure 6: 2022-23 Academic year class starting circular*

*** Annexure 7: 2023-24 Academic year class starting circular*

**** Annexure 8: 2024-25 Academic year class starting circular*

## 5 പ്രവർത്തി ദിവസമായി പഠന സമയം പരിഗണിക്കുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ

1. യുവജനതയെ നൈപുണ്യ മേഖലയിലേക്ക് കൂടുതൽ ആകർഷിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 400 മണിക്കൂർ സിലബസ്സിൽ നിന്ന് DGT ഇളവ് വരുത്തിയിട്ടുള്ളത്. ആഴ്ചയിലെ ആറാം പ്രവർത്തി ദിവസമായ ശനി ഒഴിവാക്കിക്കൊണ്ട് കൊണ്ട് ടൈം ടേബിൾ ക്രമീകരിച്ചാൽ കൂടുതൽ വിദ്യാർത്ഥികൾ ഐ.ടി.ഐ പഠനത്തിന് താല്പര്യം കാണിക്കും.
2. ശനിയാഴ്ചകളിൽ NIOS പഠനത്തിലൂടെ Plus Two തുല്യത സർട്ടിഫിക്കറ്റ് നേടുത്തതിനുള്ള അവസരം ലഭിക്കും. ഐ.ടി.ഐ സർട്ടിഫിക്കറ്റിനോടൊപ്പം Plus Two കൂടി നേടാൻ കഴിയും എന്ന് വന്നാൽ ഐ.ടി.ഐ പഠനത്തിന്റെ ആകർഷണീയത വർധിക്കും. **അതോടൊപ്പം സംസ്ഥാനത്തെ Plus One സീറ്റിലെ കുറവുകൾ ഒരു പരിധിവരെ നികത്താനും സാധിക്കും.**
3. NSS, നൈപുണ്യ കർമ്മസേന എന്നിവയുടെ പ്രവർത്തനങ്ങളൾക്കായി ട്രെയിനിംഗ് സമയം നഷ്ടപ്പെടുത്താതെ ശനിയാഴ്ചകളിൽ അത്തരം പ്രവർത്തനങ്ങൾ നടത്താനാവും.
4. "Learn with earn" എന്ന ഗണത്തിലേക്ക് ഇന്നത്തെ യുവ ജനത താല്പര്യപ്പെടുന്ന സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിലേതുപോലെ പഠനത്തോടൊപ്പം പഠന ചിലവുകൾ കൂടി കണ്ടെത്തുന്നതിലേക്ക് പഠന സാഹചര്യം മാറിന്നതിലൂടെ കൂടുതൽ യുവതയെ ആകർഷണീയമാക്കും.
5. വെള്ളം, വൈദ്യുതി, ട്രെയിനിംഗ് മെറ്റീരിയൽ, ഉച്ച ഭക്ഷണം/ ന്യൂട്രീഷ്യൻ ഇനങ്ങളിൽ, ശനി അവധി നൽകുക വഴി സർക്കാറിന് കോടികണക്കിന് രൂപയുടെ സാമ്പത്തിക ലാഭം ഉണ്ടാവുന്നു.

നിവേദനത്തിൽ പ്രതിപാദിച്ച കാര്യങ്ങളിലെ വസ്തുതകൾ പരിശോധിച്ച്, അയൽ സംസ്ഥാനങ്ങളിലെപോലെ കേരളത്തിലെ ഐ.ടി.ഐകളിലെയും പഠന സമയം പുനക്രമീകരിച്ച് DGT യുടെ 2022-ലെ റിവൈസ്ഡ് സിലബസ്സിൽ പറയുന്നതുപോലെ NIOS/ ലാംഗ്വേജ് കോഴ്സ്/ add-on കോഴ്സ് മുതലായവ പഠിക്കുവാൻ ശനിയാഴ്ചകളിൽ കേരളത്തിലെ ഐ.ടി.ഐ ട്രെയിനികൾക്ക് അവസരം നൽകുവാൻ വേണ്ട ഉചിതമായ നടപടികൾ കൈകൊള്ളുന്നതിലേക്കായി താങ്കളുടെ സമക്ഷം ഈ നിവേദനം സമർപ്പിക്കുന്നു.

**വിശ്വസ്തതയോടെ,**

**ആന്റണി ജോസഫ്**
ജനറൽ സെക്രട്ടറി
ഐ.ടി.ഡി.ഐ.ഒ. സംസ്ഥാന കമ്മിറ്റി

തിരുവനന്തപുരം
25-09-2024

**പകർപ്പുകൾ**

1. ബഹു. മുഖ്യമന്ത്രി
2. ബഹു. സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
3. ബഹു. വകുപ്പ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ബഹു. ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്
5. ശനി അവധിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തയ്യാറാക്കുന്ന കമ്മിറ്റി അംഗങ്ങൾ